# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.915** **05.02.2020 ലെ മറുപടി**

## നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.എ.റഹീം : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്തുവെങ്കിലും കനാൽ എക്സ്റ്റൻഷൻ പൂർത്തിയാക്കാത്തതിനാൽ ആയതിന്റെ ശേഷി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) യും (ബി) യും<br><br>നബാർഡ് സഹായത്തോടെ പൂർത്തീകരിച്ച നായർകുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ 165 മീറ്റർ നീളത്തിൽ ആണ് നിർമ്മിച്ചിട്ടുള്ളത്. കൃഷിയിടങ്ങളിലേക്ക് വെള്ള മെത്തിക്കുന്നതിന് അത്യാവശ്യമായ നീളത്തിൽ താൽകാലികമായി മൺകനാലുകളും, വീടുകളിലേക്ക് കനാൽ ക്രോസ്സ് ചെയ്ത് വെള്ളം പോകുന്നതിലേക്ക് കോൺക്രീറ്റ് പൈപ്പുകളും ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്ത് നിർമ്മിച്ച തിന് ശേഷമാണ് പദ്ധതി ഉദ്ഘാടനം ചെയ്തിരുന്നത്. എന്നാൽ ഗാമപഞ്ചായത്ത് നിർമ്മിച്ച മൺകനാൽ കോൺക്രീറ്റ് ലൈൻ കനാൽ ആക്കിയാൽ മാത്രമേ ഈ വിഷയത്തിന് ശാശ്വത പരിഹാരമാകുകയുള്ളു. ആയതിന്റെ അടിസ്ഥാനത്തിൽ 135 മീറ്റർ കോൺക്രീറ്റ് കനാൽ നിർമ്മിക്കുന്നതിന് ഉദ്ദേശം 14 ലക്ഷംരൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രവർത്തി ഏറ്റെടുക്കാവുന്നതാണ്. കൂടുതൽ സ്ഥലത്തേക്കു കൂടി ജലസേചനം വ്യാപിപ്പിക്കണമെങ്കിൽ കനാലുകളുടെ നീളം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തേണ്ടതുണ്ട്. സാധ്യതാ പഠനം പൂർത്തീകരിച്ചാൽ മാത്രമേ പ്രസ്തുത പ്രവർത്തിക്കു ആവശ്യമായ തുക കണക്കാക്കാൻ സാധിക്കുകയുള്ളു |

**സെക്ഷൻ ഓഫീസർ**